# സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്

തീയതി: **20/11/2020**
ടാക്സ് ടവർ , കരമന ,
കിള്ളിപ്പാലം , തിരുവനന്തപുരം

---

## പത്രക്കുറിപ്പ്

### ചരക്ക് സേവന നികുതി വകുപ്പ് ആംനസ്റ്റി പദ്ധതി : അവസാന തീയതി നവംബർ 30

തിരുവനന്തപുരം : സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ കുടിശ്ശിക നിവാരണ പദ്ധതിയായ ആംനസ്റ്റി-2020 ൽ ഓപ്ഷൻ സമർപ്പിക്കുവാനുള്ള അവസാന തീയതി നവംബർ 30 ന് അവസാനിക്കും.

സംസ്ഥാന നികുതി വകുപ്പിന്റെ ചരിത്രത്തിലെ തന്നെ ഏറ്റവും വലിയ കുടിശ്ശിക നിവാരണ പദ്ധതിയാണ് ആംനസ്റ്റി-2020. ചരക്ക് സേവന നികുതി നിയമം നിലവിൽ വരുന്നതിനു മുൻപുണ്ടായിരുന്ന നികുതി നിയമങ്ങളായ കേരള മൂല്യവർദ്ധിത നികുതി , കേന്ദ്ര വില്പന നികുതി , ആഡംബര നികുതി, സർചാർജ്ജ് , കാർഷിക ആദായ നികുതി , കേരള പൊതു വില്പന നികുതി എന്നീ നിയമങ്ങൾ പ്രകാരം കുടിശ്ശികയുള്ള വ്യാപാരികൾക്കാണ് ഈ പദ്ധതിയിൽ അപേക്ഷിക്കാൻ അവസരം.

പദ്ധതിയിൽ ഓപ്ഷൻ സമർപ്പിക്കുന്ന വ്യാപാരികൾക്ക് പിഴയിലും പലിശയിലും 100 ശതമാനം ഇളവ് ലഭിക്കും . എന്നാൽ പൊതുവിൽപ്പന നിയമപ്രകാരം 2005 ന് ശേഷമുള്ള നികുതി കുടിശ്ശികയിൽ പിഴ മാത്രമെ ഒഴിവാക്കിയിട്ടുള്ളു. നികുതി കുടിശ്ശിക ഒരുമിച്ച് അടക്കുന്നവർക്ക് കുടിശ്ശികയുടെ 60 ശതമാനവും ,തവണകളായി അടക്കുന്നവർക്ക് 50 ശതമാനം വരെയും ഇളവ് ലഭിക്കും. നിലവിൽ അപ്പീലിൽ ഉൾപ്പട്ടിട്ടുള്ളതടക്കം എല്ലാ നികുതികുടിശ്ശികകൾക്കും ആംനസ്റ്റി പദ്ധതിയിൽ ഓപ്ഷൻ സമർപ്പിക്കാം. മുൻപ് പ്രഖ്യാപിച്ചിട്ടുള്ള ആംനസ്റ്റി പദ്ധതികളിൽ അപേക്ഷ നൽകിയ ശേഷം കുടിശ്ശിക പൂർണ്ണമായോ , ഭാഗീകമായോ അടയ്ക്കാൻ കഴിയാത്തവർക്കും ആംനസ്റ്റി -2020 ൽ വീണ്ടും ഓപ്ഷൻ നൽകി കുടിശ്ശിക തീർക്കാം .ഓപ്ഷൻ സമർപ്പിക്കാൻ **www.keralataxes.gov.in** ൽ രജിസ്റ്റർ ചെയ്യുക.

ഈ നിയമങ്ങളിൽ പ്രഖ്യാപിക്കുന്ന അവസാനത്തെ ആംനെസ്റ്റി പദ്ധതിയായതിനാൽ അവസരം പരമാവധി പ്രയോജനപ്പെടുത്തി നികുതി കുടിശ്ശികകൾ തീർപ്പാക്കണമെന്ന് സംസ്ഥാന ചരക്ക് സേവന നികുതി കമ്മിഷണർ അഭ്യർത്ഥിച്ചു.

Sd/-

COMMISSIONER

ചരക്ക് സേവന നികുതി

വകുപ്പ്